**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 274** **14-07-2022 - ൽ മറുപടിയ്ക്ക്**

**അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | അന്യാധീനപ്പെട്ട വഖഫ് വസ്തുവകകൾ തിരിച്ച് പിടിക്കുന്നതിനായി വഖഫ് വസ്തുവകകളുടെ വിശദാംശം അടങ്ങിയ ലിസ്റ്റ് റവന്യൂ വകുപ്പിന് കൈമാറണമെന്ന് നിർദ്ദേശം നൽകിയിരുന്നോ; ഇക്കാര്യത്തിൽ വഖഫ് ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ബഹു റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 30-11-2021 ന് കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അന്യാധീനപ്പെട്ട വഖഫ് വസ്തുവകകൾ തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വഖഫ് വസ്തുവകകളുടെ വിശദാംശം അടങ്ങിയ ലിസ്റ്റ് റവന്യൂ വകുപ്പിനും, സർവ്വെയും ഭൂരേഖയും വകുപ്പിനും കൈമാറണമെന്ന് നിർദ്ദേശം നല്കിയിരുന്നു. അതിൻ പ്രകാരം വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സംസ്ഥാനത്തെ 14 ജില്ലകളിലുമുള്ള വഖഫ് വസ്തുക്കളുടെ വിശദാംശങ്ങൾ അടങ്ങുന്ന ലിസ്റ്റ് ലാൻഡ് റവന്യൂ കമ്മീഷണർക്കും സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടർക്കും അയച്ചുകൊടുത്തിട്ടുണ്ട്. |
| (ബി) | അനധികൃത കയ്യേറ്റം തടയുന്നതിനും ഒഴിപ്പിക്കുന്നതിനും വഖഫ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്ന് അറിയിക്കാമോ; | (ബി) | അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ വീണ്ടെടുക്കുന്നതിനായി 1995 ലെ കേന്ദ്ര വഖഫ് നിയമപ്രകാരവും 2019-ലെ കേരള സ്റ്റേറ്റ് വഖഫ് ചട്ടങ്ങൾ പ്രകാരവും നിലവിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇതിനു പുറമെ, ബഹു റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 30-11-2021 ന് കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനധികൃത കയ്യേറ്റം തടയുന്നതിനുള്ള/ഒഴിപ്പിക്കുന്നതിനുള്ള വേഗം കൈവരിക്കുന്നതിന് ബന്ധപ്പെട്ട വഖഫ് ചട്ടങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തുന്നതിനാവശ്യമായ കരട് ഭേദഗതി നിയമം ഉൾപ്പെട്ട നിർദ്ദേശം സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോവിഡ് കാലഘട്ടത്തിൽ ടാറ്റയുമായി ചേർന്ന് കാസർഗോഡ് ആശുപത്രി നിർമ്മാണത്തിന് ഏറ്റെടുത്ത വഖഫ് ബോർഡിന്റെ സ്ഥലത്തിന് പകരം ഭൂമി നൽകുമെന്ന സർക്കാർ വാഗ്ദാനം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. കോവിഡ് കാലഘട്ടത്തിൽ ടാറ്റയുമായി ചേർന്ന് കാസർഗോഡ് ആശുപത്രി നിർമ്മാണത്തിന് ഏറ്റെടുത്ത വഖഫ് വസ്തുവിന് പകരമായി കാസർഗോഡ് ജില്ലയിലെ തെക്കിൽ വില്ലേജിൽ റീ സർവ്വെ നമ്പർ 266/1, 267/2 ബി1 ബി, 276/1 എ, 277/1 എ എന്നിവയിൽപ്പെടുന്ന 1.6695 ഹെക്ടർ വസ്തു ബന്ധപ്പെട്ട വഖഫിന് പതിച്ചു നൽകുന്ന വിഷയം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ